# കേരള സർക്കാർ

**സംഗ്രഹം**

വ്യവസായ വകുപ്പ് - വ്യവസായവും വാണിജ്യവും - ജീവനക്കാര്യം - ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ, ഡെപ്യൂട്ടി ഡയറക്ടർ/ മാനേജർ, അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച്-I), അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച് -II) CFSC, ഡെപ്യൂട്ടി രജിസ്ട്രാർ/ പ്രോജക്ട് ഓഫീസർ (കയർ), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലെ സ്ഥലംമാറ്റ സ്ഥാനക്കയറ്റ നിയമനങ്ങൾ അംഗീകരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വ്യവസായ (എ) വകുപ്പ്**

സ.ഉ.(സാധാ)നം.204/2024/വ്യവ തിരുവനന്തപുരം, തീയതി 14.03.2024.

പരാമർശം:- (1) 29/02/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 15/2024/വ്യവ
(2) 29/02/2024 തീയതിയിലെ സ.ഉ. (അച്ചടി) നം. 16/2024/വ്യവ
(3) വ്യവസായ വാണിജ്യ ഡയറക്ടറുടെ 01.03.2024 ലെ ഡിഐസി/12882/2018-ഇഡി2 നമ്പർ കത്ത്.
(4) 14/03/2024-ലെ സ.ഉ. (സാധാ) നം. 200/2024/വ്യവ

**ഉത്തരവ്**

പരാമർശം (3)-ലെ വ്യവസായ വാണിജ്യ ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ വ്യവസായ വാണിജ്യ വകുപ്പിലെ ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ, ഡെപ്യൂട്ടി ഡയറക്ടർ/ മാനേജർ, അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച്-I), അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച് -II) CFSC, ഡെപ്യൂട്ടി രജിസ്ട്രാർ/ പ്രോജക്ട് ഓഫീസർ (കയർ), അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ സ്ഥലംമാറ്റവും, പരാമർശം (1) ഉം (2) ഉം പ്രകാരം പ്രസിദ്ധീകരിച്ച സെലക്ട് ലിസ്റ്റികളിലുൾപ്പെട്ട ജീവനക്കാരുടെ സ്ഥാനക്കയറ്റ നിയമനവും ചുവടെ ചേർക്കുംവിധം അനുവദിച്ച് ഉത്തരവാകുന്നു.

## 1. ജനറൽ മാനേജർ /ജോയിന്റ് ഡയറക്ടർ

### സ്ഥലംമാറ്റം

വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി. ലിസിയാമ്മ സാമുവൽ (PEN-389326)-നെ സ്ഥലംമാറ്റി ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥാനക്കയറ്റം**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച ജനറൽ മാനേജർ തസ്തികയുടെ സെലക്റ്റ് ലിസ്റ്റിലൽ ക്രമ നമ്പര് 1 എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീമതി. രമ. ആർ (PEN-201100)- ന് കെ.എസ് & എസ്.എസ്. ആർ ചട്ടം 28 a (i) പ്രകാരം ജോയിന്റ് ഡയറക്ടർ/ ജനറൽ മാനേജർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കി 95600-153200 ശമ്പള സ്കെയിലിൽ വയനാട് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ശ്രീമതി.ലിസിയാമ്മ സാമുവലിനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

## II. ഡെപ്യൂട്ടി ഡയറക്ടർ/മാനേജർ

**സ്ഥലംമാറ്റം**

വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീ.വിനോദ്.ജി (PEN-200991) - ക്ക് സ്ഥലം മാറ്റം നല്കി എറണാകുളം ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീമതി. രമ.ആർ-ന് സ്ഥാനക്കയറ്റം നല്കിയതിനെ തുടർന്നുണ്ടായ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥാനക്കയറ്റം**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച ഡെപ്യൂട്ടി ഡയറക്ടർ / മാനേജർ തസ്തികയിലെ സെലക്റ്റ് ലിസ്റ്റിൽ ക്രമ നമ്പർ 1 കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രം അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി.സ്മിത.പി (PEN-381944) യ്ക്ക് കെ.എസ് & എസ്.എസ്. ആർ ചട്ടം 28 a (i) പ്രകാരം ഡെപ്യൂട്ടി ഡയറക്ടർ/ മാനേജർ തസ്തികയിൽ 63700-123700 ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നല്കി വയനാട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ മാനേജർ ശ്രീ.വിനോദ്.ജി-യെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

## III അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച് -1)

**സ്ഥാനക്കയറ്റം**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലെ സെലക്റ്റ് ലിസ്റ്റിൽ ക്രമ നം. 1 കാഞ്ഞിരപ്പള്ളി താലൂക്ക് വ്യവസായ ഓഫീസിലെ ഉപജില്ലാ വ്യവസായ ഓഫീസർ ശ്രീ.അനീഷ് മാനുവൽ (പെൻ 446413)-ന് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 a (i) പ്രകാരം 56500-118100 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നല്കി വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

## IV അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച്-II)

### സ്ഥാനക്കയറ്റം

പരാമർശം (2) പ്രകാരം പ്രസിദ്ധീകരിച്ച അസിസ്റ്റന്റ് ഡയറക്ടർ (ബ്രാഞ്ച് II) സി.എഫ്.എസ്.സി. തസ്തികയിലെ സെലക്ട് ലിസ്റ്റിലുൾപ്പെട്ട ചങ്ങനാശ്ശേരി കോമൺ ഫെസിലിറ്റി സർവീസ് സെന്ററിലെ ടെക്നിക്കൽ അസിസ്റ്റന്റ് (ഫിസിക്കൽ ടെസ്റ്റിംഗ്) ശ്രീ. ജയഫർ. ടി (PEN-298853) - യ്ക്ക് കെ.എസ് & എസ്.എസ്.ആർ ചട്ടം 28 a (i) പ്രകാരം 56500-118100 ശമ്പള സ്കെയിലിൽ അസിസ്റ്റന്റ് ഡയറക്ടർ (ടൂൾ റൂം) തസ്തികയിൽ സ്ഥാനകയറ്റം നല്കി സി.എഫ്.എസ്.സി. ചങ്ങനാശ്ശേരിയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

## V. ഡെപ്യൂട്ടി രജിസ്ട്രാർ / പ്രോജക്ട് ഓഫീസർ

### സ്ഥാനക്കയറ്റം

ഡെപ്യൂട്ടി രജിസ്ട്രാർ/ പ്രോജക്ട് ഓഫീസർ (കയർ) തസ്തികയിൽ കെ.എസ് & എസ്.എസ്. ആർ ചട്ടം 28 a (i) പ്രകാരം Rs. 56500/--Rs.118100/- ശമ്പള സ്കെയിലിൽ താഴെ പറയുന്ന സ്ഥാനക്കയറ്റ നിയമനം നടത്തി ഉത്തരവാകുന്നു.

1. കായംകുളം കയർ പ്രോജക്ട് ഓഫീസിലെ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീമതി.അമ്പിളി .വി (PEN-200759) യ്ക്ക് ഡെപ്യൂട്ടി രജിസ്ട്രാർ തസ്തികയിൽ സ്ഥാനക്കയറ്റം നല്കി പത്തനംതിട്ട ജില്ലാ വ്യവസായ കേന്ദ്രത്തിലെ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു..

2. വൈക്കം കയർ പ്രോജക്ട് ഓഫിസിലെ അസിസ്റ്റന്റ് രജിസ്ട്രാർ ശ്രീ.തോമസ് ചാക്കോ (PEN-201579) യ്ക്ക് പ്രോജക്ട് ഓഫീസർ സ്ഥാനക്കയറ്റം നല്കി പരാമർശം (4) പ്രകാരം കണ്ണൂർ കയർ പ്രോജക്ട് ഓഫീസിലെ പ്രോജക്ട് ഓഫീസർ ശ്രീ.കെ. രാധാകൃഷ്ണനെ സ്ഥലംമാറ്റിയ ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു.

## VI. അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

### സ്ഥലംമാറ്റം

1. കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്

ശ്രീ.രഘുനാഥ്.ടി.പി (PEN-201198)-യെ സ്ഥലംമാറ്റി മലപ്പുറം ജില്ലാ വ്യവസായ കേന്ദ്രത്തിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു..

2. കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ശ്രീമതി.സെറിൻബാൻ.എസ് (PEN 201310) - ന് സ്ഥലംമാറ്റം നല്കി ശ്രീ.രഘുനാഥ്. ടി.പി, അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനെ സ്ഥലംമാറ്റിയതിനെ തുടർന്നുണ്ടായ ഒഴിവിൽ കോഴിക്കോട് ജില്ലാ വ്യവസായ കേന്ദ്രത്തില് നിയമിച്ച് ഉത്തരവാകുന്നു.

**സ്ഥാനക്കയറ്റം**

പരാമർശം (1) പ്രകാരം പ്രസിദ്ധീകരിച്ച അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിലെ സെലക്ട് ലിസ്റ്റിൽ ക്രമ നം. 1 വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് ഡോക്യുമെന്റേഷൻ സെന്ററിലെ സീനിയർ സൂപ്രണ്ട് ശ്രീമതി.സുചിത്ര ഭാസ്കർ (PEN 201475)-ന് കെ.എസ് & എസ്.എസ്. ആർ ചട്ടം 28 a (i) പ്രകാരം 59300-120900 ശമ്പള സ്കെയിലിൽ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് തസ്തികയിൽ സ്ഥാനക്കയറ്റം നല്കി, ശ്രീമതി.സെറിൻബാൻ.എസ് -നെ, സ്ഥലംമാറ്റിയ ഒഴിവിൽ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിയമിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ബി. അജിത**
ജോയിന്റ് സെക്രട്ടറി

വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ജീവനക്കാർക്ക് (വ്യവസായ വാണിജ്യ ഡയറക്ടർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ 1. തിരുവനന്തപുരം, 2. പത്തനംതിട്ട 3. ആലപ്പുഴ 4. കോട്ടയം, 5. ഇടുക്കി 6. എർണാകുളം 7. മലപ്പുറം 8. കോഴിക്കോട് 9. വയനാട് 10. കണ്ണൂർ
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ

പകർപ്പ്

ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ്--ന്
വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
വ്യവസായ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്